ഉത്തരം

(എ) 1986-ലെ ബാലവേല (നിരോധനവും നിയന്ത്രണവും) നിയമത്തിലെ സെക്ഷൻ 5 പ്രകാരം ബാലവേല നിരോധിച്ചിട്ടുള്ള തൊഴിലുകളുടെ പട്ടികയിൽ പുതിയ തൊഴിലുകൾ ചേർക്കുന്നതിന് കേന്ദ്രസർക്കാരിനെ ഉപദേശക്കുന്നതിനായി ഒരു ചൈൽഡ് ലേബർ ടെക്നിക്കൽ അഡ്വൈസറി കമ്മിറ്റി രൂപീകരിക്കുന്നതിന് കേന്ദ്ര സർക്കാരിന് അധികാരമുണ്ട്. എന്നാൽ ഇപ്രകാരം ഒരു കമ്മിറ്റി രൂപീകരിച്ചതായി അറിയിപ്പ് ലഭിച്ചിട്ടില്ല.

(ബി) ഉണ്ട്. തൊഴിൽ അപകടകരമാണോ അല്ലയോയെന്നും കുട്ടികളുടെ വയസ്സ് തിട്ടപ്പെടുത്തുന്നതിലും മറ്റു എന്യൂമറേറ്റർമാർക്ക് മതിയായ പരിശീലനമില്ലായ്മമൂലം പിശക് സംഭവിച്ചതായി റിപ്പോർട്ട് ചെയ്തിട്ടുണ്ട്.

(സി) പ്രസ്തുത നിയമ വ്യവസ്ഥ പ്രകാരമുള്ള വിവരങ്ങൾ നൽകാത്തതിന് രണ്ടു തൊഴിലുടമകൾക്കെതിരെ പ്രോസിക്യൂഷൻ കേസുകൾ ഫയൽ ചെയ്തിട്ടുണ്ട്.

(ഡി) സ്ഥാപനങ്ങളിൽ പരിശോധന നടത്തി ആവശ്യമായ തുടർ നടപടികൾ സ്വീകരിച്ചിട്ടുണ്ട്. എന്നാൽ കഴിഞ്ഞ 2 വർഷക്കാലയളവിൽ ഈ ലംഘനങ്ങൾക്ക് പ്രോസിക്യൂഷൻ കേസുകൾ ഫയൽ ചെയ്തിട്ടില്ല.

(ഇ) പുന:സംഘടിപ്പിക്കുന്നതിനുള്ള അടിയന്തിര നടപടികൾ സ്വീകരിച്ചു വരുന്നു.

(എഫ്) തൊഴിലുടമ പ്രതിനിധികളും തൊഴിലാളി പ്രതിനിധികളും ഡിസ്ട്രിക്ട് മെഡിക്കൽ ഓഫീസറുടെ റാങ്കിൽ കുറയാത്ത രണ്ട് മെഡിക്കൽ ആഫീസറുമാണ് അംഗങ്ങളായി നിർദ്ദേശിച്ചിട്ടുള്ളത്.

ദേശസാൽക്കൃത റൂട്ടുകളിലെ യാത്രാക്ലേശം പരിഹരിക്കുന്നതിന് നടപടി

59 (1251) ശ്രീ. പി. എസ്. സുപാൽ :
ശ്രീ. മാങ്കോട് രാധാകൃഷ്ണൻ :
ശ്രീ. പി. നാരായണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കഴിഞ്ഞ രണ്ടു വർഷത്തിനുള്ളിൽ കെ.എസ്.ആർ.ടി.സി.യുടെ എത്ര ബസ്സുകൾ സർവ്വീസ് നടത്തുന്നതിൽ നിന്നും പിൻവലിച്ചു, പകരം പുതുതായി എത്ര ബസ്സുകൾ സർവ്വീസിനായി ഏർപ്പെടുത്തിയിട്ടുണ്ടെന്ന് വെളിപ്പെടുത്തുമോ ;

(ബി) ഈ കാലയളവിൽ വിവിധ കാരണങ്ങളാൽ മൊത്തം എത്ര സർവ്വീസുകൾ റദ്ദു ചെയ്തിട്ടുണ്ടെന്നും എത്ര റൂട്ടുകൾ സ്വകാര്യവൽക്കരിച്ചിട്ടുണ്ടെന്നും വ്യക്തമാക്കുമോ ;

(സി) ദേശസാൽകൃത റൂട്ടുകളിലെ യാത്രാക്ലേശം പരിഹരിക്കുന്നതിന് സ്വീകരിച്ചുവരുന്ന നടപടികൾ എന്തെല്ലാമാണെന്ന് വ്യക്തമാക്കുമോ ?

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ) 774 ബസ്സുകൾ പിൻവലിക്കുകയും പകരം 264 പുതിയ ബസ്സുകൾ നിരത്തിലിറക്കുകയുമുണ്ടായി.

(ബി&സി) നഷ്ടത്തിലോടിയിരുന്ന 146 സർവ്വീസുകൾ കെ.എസ്.ആർ.ടി.സി. റദ്ദു ചെയ്യുകയുണ്ടായി. കഴിഞ്ഞ രണ്ടു വർഷത്തിനുള്ളിൽ റൂട്ടുകൾ സ്വകാര്യ വൽക്കരിച്ചിട്ടില്ല. ദേശസാൽക്കൃത റൂട്ടുകളിൽ കഴിയുന്നത്ര ട്രിപ്പുകൾ ആവശ്യാനുസരണം കെ.എസ്.ആർ.ടി.സി. ഓടിക്കുന്നുണ്ട്. കൂടുതൽ ബസ്സുകൾ ലഭ്യമാകുന്ന മുറയ്ക്ക് ആവശ്യമെന്നുകണ്ടാൽ ഈ മേഖലകളിൽ കൂടുതൽ സർവ്വീസുകൾ നടത്തുന്നതാണ്.

കേരളവും കർണ്ണാടകവും തമ്മിലുള്ള അന്തർ സംസ്ഥാന വാഹന സർവ്വീസുകൾ

60 (1252) ശ്രീ. കെ. വി. കുഞ്ഞിരാമൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കേരളവും കർണ്ണാടകവും തമ്മിലുള്ള അന്തർ സംസ്ഥാന വാഹന കരാർ പ്രകാരം എത്ര സർവ്വീസുകൾ വീതം ആരംഭിക്കുന്നതിനാണ് തീരുമാനിച്ചിട്ടുള്ളത് ;

(ബി) ഇതിൻ പ്രകാരം എത്ര സർവ്വീസുകൾ ഏതെല്ലാം റൂട്ടിൽ ഇതിനകം ആരംഭിച്ചിട്ടുണ്ട് ;

(സി) ശേഷിച്ച സർവ്വീസുകൾ ആരംഭിക്കുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ടോ ; വിശദാംശങ്ങൾ വ്യക്തമാക്കുമോ ?

ഉത്തരം

(എ) കേരളവും കർണ്ണാടകവും തമ്മിലുള്ള അന്തർ സംസ്ഥാന കരാർ പ്രകാരം കെ.എസ്.ആർ.ടി.സി.ക്ക് വിവിധ റൂട്ടുകളിലായി 75 ബസ്സുകൾക്ക് 288 ട്രിപ്പുകൾ ഓടിക്കുന്നതിന് തീരുമാനിച്ചിട്ടുണ്ട്.

(ബി) സർവ്വീസുകളുടെയും റൂട്ടുകളുടേയും വിവരം അനുബന്ധമായി കൊടുത്തിരിക്കുന്നു.*

(സി) നടപടികൾ സ്വീകരിച്ചു വരുന്നു.

കെ.എസ്.ആർ.ടി.സി. യിൽ സ്റ്റോർ പർച്ചേസ് നിയമം കർശനമായി പാലിക്കാൻ നടപടി

61 (1260) ശ്രീ. എം. എ. വാഹീദ് : താഴെ കാണുന്ന ചോദ്യത്തിന് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

സംസ്ഥാന സർക്കാരിന്റെ സ്റ്റോർ പർച്ചേസ് വിഭാഗം തയ്യാറാക്കിയിട്ടുള്ള നിയമാവലിയുടെ അടിസ്ഥാനത്തിലാണോ കേരളാ സ്റ്റേറ്റ് റോഡ് ട്രാൻസ്പോർട്ട് കോർപ്പറേഷനിൽ സാധന സാമഗ്രികൾ വാങ്ങുന്നതെന്ന് വ്യക്തമാക്കുമോ ?

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly